# നോർക്ക ന്യൂസ്

ന്യൂസ് ലെറ്റർ

Follow us on

Government of Kerala

NORKA ROOTS
A Government of Kerala Undertaking
എന്നും പ്രവാസികൾക്കൊപ്പം

ജൂലൈ 2023 • വാല്യം 01 • ലക്കം 07








# കൊച്ചു കേരളം ലോക കേരളം: മുഖ്യമന്ത്രി

ലോക കേരള സഭയുടെ അമേരിക്കൻ മേഖല സമ്മേളനം പ്രൗഢോജ്ജ്വലമായ ചടങ്ങുകളോടെ അമേരിക്കയിലെ നീയോ ടൈം സ്ക്വയർ മാരിയറ്റ് മാർക്കിങ് ഹോട്ടലിൽ നടന്നു. ജൂൺ 9, 10 തീയ്യതികളിലായി നടന്ന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മേഖലാ സമ്മേളനത്തെ തുടർന്ന് പിറ്റേന്ന് ടൈം സ്ക്വയറിൽ നടന്ന പൊതു സമേളനവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.  കേരളം ഇന്ന് കേവലം കൊച്ചു കേരളമല്ലെന്നും  ലോക കേരളമാണെന്നും മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹാരങ്ങൾ തേടാനുമാണ്ലോക കേരളസഭയ്ക്ക് രൂപം നൽകിയത്.

എത്രത്തോളം ഫലപ്രദമായിട്ടുണ്ട് എന്നത് കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനങ്ങളിൽ നിന്നുതന്നെ വ്യക്തമാണെന്ന്  മുഖ്യമന്ത്രി പറഞ്ഞു. അമേരിക്കയിലേക്കുള്ള മലയാളികളുടെ കാര്യമായ തോതിലുള്ള പ്രവാസം 1960 കളുടെ രണ്ടാം പാദത്തിൽ തന്നെ ആരംഭിച്ചിരുന്നു. ഇന്നിപ്പോൾ രണ്ടാമത്തെയും മൂന്നാമത്തെയും തലമുറ മലയാളികളുള്ള സമൂഹമായി മാറിയിരിക്കുന്നു. വർഷങ്ങളായി ഇവിടെ തൊഴിൽ ചെയ്ത് ജീവിച്ച് ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്നവരും ഇവിടെ ജനിച്ചു വളർന്നവരും വിദ്യാഭ്യാസത്തിനും തൊഴിലിനുമായി ഈയടുത്തിടെ ഇവിടെ വന്നവരും എന്നിങ്ങനെ പ്രവാസജീവിതത്തിന്റെ പല തലങ്ങളിലുള്ളവരാണ് വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലുള്ള മലയാളികൾ.

ആ നിലയ്ക്ക്, കേരളീയരുള്ള ലോകത്തെ മറ്റിടങ്ങളെ അപേക്ഷിച്ച് സവിശേഷമായ വിഷയങ്ങളാണ് അമേരിക്കയിലെ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്നത്. അതുകൊണ്ട് വളരെ പ്രാധാന്യത്തോടെയാണ് അമേരിക്കൻ മേഖലാ സമ്മേളനത്തെ കേരള സർക്കാർ കാണുന്നതെന്ന്അദ്ദേഹം കൂട്ടിച്ചേർത്തു. പ്രവാസികൾക്കായി നോർക്ക ചെയ്തുവരുന്ന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും മുഖ്യമന്ത്രി വിശദീകരിച്ചു.

കേരള നിയമസഭ സ്പീക്കർ ഷംസീർ അധ്യക്ഷനായിരുന്നു.ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ,  എം.പി മാരായ ബ്രിട്ടാസ് , ജോസ് കെ മാണി, ജോൺ ജോബ് മൈക്കിൾ എം.എൽ.എ ,നോർക്ക റസിഡന്റ് വൈസ് ചെയർമാൻ  പി ശ്രീരാമകൃഷ്ണൻ , ചീഫ് സെക്രട്ടറി വി പി ജോയ് നോർക്ക ഡയറക്ടർമാരായ രവി പിള്ള , മുസ്തഫ, ജെ. കെ.മേനോൻ, നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, ലോക കേരളാ സഭ ഡയറക്ടർ കെ വാസുകി, റൂട്ട്സ് സി.ഇ.ഒ ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി തുടങ്ങിയവർ സന്നിഹിതരായിരുന്നു. യു.എസ്. മേഖലയിലെ ലോക കേരള സഭാംഗങ്ങൾ, വിവിധ പ്രവാസി സംഘടനാ പ്രതിനിധികൾ വ്യത്യസ്ത മേഖലകളിലെ പ്രമുഖർ തുടങ്ങിയവരും സമ്മേളനത്തിൽ പങ്കെടുത്തു.

 കേരളത്തെ സംബന്ധിച്ചും പ്രവാസികളെ സംബന്ധിച്ചുമുള്ള പ്രധാന വിഷയങ്ങൾ ഈ ദിവസം ചർച്ച ചെയ്തു.   'അമേരിക്കൻ മേഖലയിൽ ലോക കേരള സഭയുടെയും നോർക്കയുടെയും പ്രവർത്തനങ്ങൾ, വിപുലികരണ സാദ്ധ്യതകളും വെല്ലുവിളികളും" എന്ന വിഷയം നോർക്കാ റസിഡന്റ് വൈസ് ചെയർമാൻ പി ശ്രീരാമകൃഷ്ണനും "നവ കേരളം എങ്ങോട്ട്-അമേരിക്കൻ മലയാളികളുടെ പങ്കും സഹകരണ സാധ്യതകളും' എന്ന വിഷയം ഡോ.ജോൺ ബ്രിട്ടാസ് എം.പിയും ' മലയാള ഭാഷ-സംസ്കാരം-പുതുതലമുറ അമേരിക്കൻ മലയാളികളും സാംസ്കാരിക പ്രചരണ സാദ്ധ്യതകളും' എന്ന വിഷയം ചീഫ് സെക്രട്ടറി വി. പി .ജോയിയും 'മലയാളികളുടെ അമേരിക്കൻ കുടിയേറ്റം-ഭാവിയും വെല്ലുവിളികളും' എന്ന വിഷയം ലോക കേരള സഭാ ഡയറക്ടർ ഡോ. കെ വാസുകിയും അവതരിപ്പിച്ചു.

അമേരിക്കൻ മലയാളിയെ സംബന്ധിച്ചും കേരളത്തെ സംബന്ധിച്ചും ഗുണപരമായ ചർച്ചകളും തീരുമാനങ്ങളുമാണ് സമ്മേളനത്തിൽ ഉണ്ടായത്. മൂന്നാം ദിവസം അമേരിക്കയിലെ ബിസിനസ് സമൂഹം, മലയാളി സമൂഹത്തിൽ നിന്നുള്ള വിദ്യാർഥികൾ, മുതിർന്ന പൗരന്മാർ, എന്നിവരുമായെല്ലാം കൂടിക്കാഴ്ച നടത്തിയിട്ടാണ് മുഖ്യമന്ത്രി മടങ്ങിയത്.







ഒഡിഷയിലുണ്ടായ ട്രെയിൻ അപകടത്തെ തുടർന്ന് ചെന്നൈയിലെത്തിയ പത്തംഗ മലയാളി സംഘത്തെ നോർക്ക ഡെവലപ്മെന്റ് ഓഫീസർ അനു പി.ചാക്കോ സ്വീകരിച്ച് കേരളത്തിലേക്ക് യാത്രയാക്കിയപ്പോൾ...



ഒഡീഷയിൽ ഉണ്ടായ ട്രെയിൻ അപകടത്തിൽ നിന്നും രക്ഷപ്പെട്ട് ഭുവനേശ്വറിൽ എത്തിയ നാല് അംഗ മലയാളി സംഘത്തിന് നോർക്ക ഡെവലപ്മെന്റ് ഓഫീസർ ഷമീം ഖാൻ കൊച്ചിയിലേയ്ക്കുള്ള ഫ്ലൈറ്റ് ടിക്കറ്റ് നൽകുന്നു ...

# ഒഡീഷ ട്രെയിനപകടം : 14 പേരെ നോർക്ക നാട്ടിലെത്തിച്ചു

ജൂൺ 2-ന് ഒഡീഷയിലെ ബാലാസോർ ജില്ലയിലുണ്ടായ ട്രെയിനപകടത്തിൽ നിന്നും രക്ഷപ്പെട്ട കേരളീയരായ യാത്രക്കാരെ നോർക്ക റൂട്ട്സ് ഇടപെട്ട് നാട്ടിലെത്തിച്ചു. കൊൽക്കത്തയിൽ നിന്നും ചെന്നൈയിലേയ്ക്കുള്ള കോറമണ്ഡൽ ഷാലിമാർ എക്സ്പ്രസ്സിലെ യാത്രക്കാരായിരുന്നു അപകടത്തിൽ പെട്ട കേരളീയർ. ഇവരിൽ പത്തു പേരെ തമിഴ്നാട് സർക്കാർ ഏർപ്പാടാക്കിയ പ്രത്യേക ട്രെയിനിൽ ചെന്നൈയിലെത്തിച്ചു. ഇവരെ നോർക്ക ചെന്നൈ എൻ.ആർ.കെ ഡവലപ്മെന്റ് ഓഫീസർ അനു ചാക്കോയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. ഇവർക്ക് പ്രാഥമിക ചികിത്സയും താമസസൗകര്യവും നോർക്ക റൂട്ട്സ് ഏർപ്പാടാക്കിയിരുന്നു. ഇവരിൽ മൂന്നു പേർക്ക് ട്രിവാൺഡ്രം മെയിലിലും ബാക്കിയുള്ളവർക്ക് മാംഗളൂർ മെയിലിലും എമർജൻസി ക്വാട്ടയിൽ ടിക്കറ്റുകൾ ലഭ്യമാക്കിയിരുന്നു. ഇവരിൽ പരിക്കേറ്റ ഒരു യാത്രക്കാരന് ആവശ്യമായ ചികിത്സയും ചെന്നൈയിൽ നിന്നും ലഭ്യമാക്കിയിരുന്നു.

അപകടത്തെ തുടർന്ന് കടുത്ത മാനസികസംഘർഷത്തിലായിരുന്ന മറ്റ് നാലു പേരെ മുംബൈ എൻ.ആർ.കെ ഡവലപ്മെന്റ് ഓഫീസർ ഷമീംഖാൻ ഭുവനേശ്വറിൽ എത്തി സന്ദർശിച്ച് വിമാന ടിക്കകൾ കൈമാറി. ജൂൺ 5 ന് വിമാന മാർഗം അവരും നാട്ടിലെത്തി. ഭുവനേശ്വറിൽ നിന്നും ഇൻഡിഗോ വിമാനത്തിൽ ബംഗലൂരു വഴി കൊച്ചിയിലാണ് അവരെത്തിയത്. കൊൽക്കത്തയിൽ റൂഫിങ് ജോലികൾക്കായി പോയ കിരൺ. കെ.എസ്, രഘു.കെ.കെ, വൈശാഖ്. പി.ബി, ബിജീഷ്.കെ.സി എന്നിവരായിരുന്നു അവർ. തൃശ്ശൂർ സ്വദേശികളാണ്. അപകടവിവരം അറിഞ്ഞ ഉടനെതന്നെ നോർക്ക സി.ഇ.ഒ ഒഡീഷയിലെ മലയാളി പ്രവാസി സംഘടനകളുമായി ബന്ധപ്പെട്ട് അടിയന്തിരസഹായത്തിന് അഭ്യർത്ഥിച്ചിരുന്നു. ഇതിനോടൊപ്പം നോർക്ക മുംബൈ എൻ.ആർ.കെ ഡെവലപ്മെന്റ് ഓഫീസർ ഷമീംഖാനെ അപകടസ്ഥലത്തെത്തി വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും നിയോഗിച്ചു. ഒഡീഷയിലെ വിവിധ മലയാളി അസ്സോസിയേഷനുകൾ വഴി അപകടത്തിൽപ്പെട്ടവർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കിയിരുന്നു.

ഓൾ ഇന്ത്യാ മലയാളി അസ്സോസിയേഷൻ പ്രതിനിധികളായ ചന്ദ്രമോഹൻ നായർ, വി. ഉദയകുമാർ, രതീഷ് രമേശൻ, സോണി. സിസി, കെ.മോഹനൻ എന്നിവർ സഹായങ്ങൾ ലഭ്യമാക്കുന്നതിന് നേതൃത്വം നൽകി. ഭുവനേശ്വർ എയിംസിലെ മെഡിക്കൽ പി.ജി വിദ്യാർത്ഥികൂടിയായ ഡോ.മനു ഇവർക്ക് പ്രാഥമികശുശ്രൂഷ നൽകാനും ഒപ്പമുണ്ടായിരുന്നു. അപകടത്തിൽ പെട്ടവരിൽ കൂടുതൽ മലയാളികൾ ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് രക്ഷാദൗത്യം പൂർണ്ണമാകുന്നതുവരെ ഷമീംഖാൻ ഭുവനേശ്വറിൽ തുടർന്നു. അപകടത്തിൽപെട്ട കേരളീയരെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിന് നോർക്ക റൂട്ട്സിന്റെ മുംബൈ, ബംഗലൂരു, ചെന്നൈ എൻ ആർ.കെ ഓഫീസർമാരേയും കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം സെന്റർ മാനേജർമാരേയും ചുമതലപ്പെടുത്തിയിരുന്നു.

# നോർക്ക സാന്ത്വന : അദാലത്ത് സംഘടിപ്പിച്ചു

പ്രവാസികൾക്കായുള്ള നോർക്ക റൂട്ട്സ് സാന്ത്വന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം വർക്കല താലൂക്ക് അദാലത്ത് സംഘടിപ്പിച്ചു. തിരുവനന്തപുരം നോർക്ക സെന്ററിൽ നടന്ന താലൂക്ക് അദാലത്തിൽ 80 ഓളം പേർ പങ്കെടുക്കാനെത്തി. ഇവരിൽ 60 ഓളം പേരുടെ അപേക്ഷകളിൽ തീരുമാനമായി. രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് മറ്റ് അർഹതപ്പെട്ടവർക്കും സഹായം ലഭ്യമാക്കും.



പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയവർക്ക വേണ്ടി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കി വരുന്ന ദുരിതാശ്വാസ ധനസഹായ പദ്ധതിയാണ് 'സാന്ത്വന'. ചികിത്സാ സഹായം, മകളുടെ വിവാഹത്തിന് ധനസഹായം, മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്കുള്ള ധനസഹായം (നിബന്ധനകൾക്ക് വിധേയമായി ) എന്നിവ പദ്ധതി പ്രകാരം ലഭിക്കും.



പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയുന്നതിനും അപേക്ഷ നൽകുന്നതിനും നോർക്ക റൂട്ട്സ് ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

നോർക്ക റൂട്ട്സ്
ജൂലൈ 2023 • വാല്യം 01 • ലക്കം 07
നോർക്ക ന്യൂസ്
ന്യൂസ് ലെറ്റർ
Government of Kerala
NORKA ROOTS
A Government of Kerala Undertaking
എന്നും പ്രവാസികൾക്കൊപ്പം

# പ്രൗഢോജ്ജ്വലം
## യു.എസ് മേഖലാ സമ്മേളനം




ലോക കേരള സഭയുടെ അമേരിക്കൻ മേഖലാ സമ്മേളനം ജൂൺ 9,10 തീയതികളിൽ ന്യൂയോർക്കിലെ മാരിയോട്ട് മാർക്കീ ഹോട്ടലിൽ പ്രൗഢഗംഭീരമായ ചടങ്ങുകളോടെ നടന്നു. ജൂൺ 9 ന രാവിലെ അമേരിക്കൻ - ഇന്ത്യൻ ദേശീയ ഗാനാലാപനത്തോടെ ലോക കേരള സഭാ സമ്മേളനത്തിന് തുടക്കമായത്.തുടർന്ന് ചീഫ് സെക്രട്ടറി വി.പി ജോയ് മേഖലാ സമ്മേളന പ്രഖ്യാപനം നടത്തി. ധനമന്ത്രി കെ. എൻ. ബാലഗോപാൽ,എംപിമാരായ ജോൺ ബ്രിട്ടാസ് , ജോസ് .കെ . മാണി,നോർക്ക റൂട്ട്സ് റെസിഡൻറ് വൈസ് ചെയർമാൻ പി . ശ്രീരാമകൃഷ്ണൻ, നോർക്ക റൂട്ട്സ് ഡയറക്ടർമാരായ രവി പിള്ള, ഡോ. അനിരുദ്ധൻ, ഒ.വി മുസ്തഫ തുടങ്ങിയവർ അടങ്ങിയ പ്രസീഡിയമാണ് സമ്മേളന പരിപാടികൾ നിയന്ത്രിച്ചത്. സംഘാടക സമിതി പ്രസിഡന്റ് ഡോ. കെ ജി മന്മഥൻ നായർ സ്വാഗതം പറഞ്ഞ ചടങ്ങിൽ ലോക കേരള സഭാ അധ്യക്ഷനായ സ്പീക്കർ എ എൻ ഷംസീർ അദ്ധ്യക്ഷ പ്രസംഗം നടത്തി. അതിനു ശേഷമാണ് സഭാ നേതാവായ മുഖ്യമന്ത്രി അമേരിക്കൻ മേഖല സമ്മേളനം ഉദ്ഘാടനം ചെയ്തത്.

ചടങ്ങിൽ ധനമന്ത്രി കെ. എൻ. ബാലഗോപാൽ മുഖ്യപ്രഭാഷണം നടത്തി. കേരള സർക്കാരിന്റെ വികസന പരിപാടികളെ വിശദമായി അദ്ദേഹം പ്രവാസികളുടെ മുന്നിൽ അവതരിപ്പിച്ചു. മുഖ്യപ്രഭാഷണത്തിന് ശേഷം നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻബില്ല ലോക കേരള സഭാ റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ട് അവതരണത്തെ തുടർന്ന് കേരള സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ. രാമചന്ദ്രൻ, ജോസ് കെ.മാണി എംപി, നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണി, നോർക്ക ഡയറക്ടർമാരായ രവി പിള്ള, ജെ കെ മേനോൻ, ഒ വി മുസ്തഫ, ഫൊക്കാന പ്രസിഡന്റ് ഡോ ബാബു സ്റ്റീഫൻ, വേൾഡ് മലയാളി കൗൺസിൽ നേതാവ് തങ്കമണി അരവിന്ദ്, ഫോമാ പ്രസിഡന്റ് ജേക്കബ് തോമസ്, അല സെക്രട്ടറി ഐപ്പ് പരിമണം എന്നിവർ മേഖല സമ്മേളത്തിന് ആശംസ അറിയിച്ചു.

ഇടവേളയ്ക്ക് ശേഷം വിവിധ വിഷയങ്ങളിൽ അവതരണങ്ങളുംചർച്ചകളും നടന്നു. "നവ കേരളം എങ്ങോട്ട് : അമേരിക്കൻ മലയാളികളുടെ പങ്കും സഹകരണ സാധ്യതകളും " എന്ന വിഷയത്തെ അധികരിച്ച് ജോൺ ബ്രിട്ടാസ് എം.പി. അവതരണം നടത്തി. തോമസ് എബ്രഹാം, തോമസ് മൊട്ടയ്ക്കൽ, റോയി മുളകുന്നം എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് "അമേരിക്കൻ മേഖലയിൽ ലോക കേരള സഭയുടേയും നോർക്കയുടെയും പ്രവർത്തനം, വിപുലീകരണ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ ഡോ.എം. അനിരുദ്ധൻ അവതരണം നടത്തി. അനുപമ വെങ്കിടേശ്വരൻ, ജോയി അയ്റ്റാൻ, സിബി ഗോപാലകൃഷ്ണൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. മലയാള ഭാഷ- സംസ്കാരം; പുതു തലമുറ അമേരിക്കൻ മലയാളികളും സാംസ്കാരിക പ്രചാരണ സാധ്യതകളും എന്ന വിഷയം ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് അവതരിപ്പിച്ചു. അനിലാൽ ശ്രീനിവാസൻ, തമ്പി ആന്റണി, ലിഷാർ ടിപി,ഐപ്പ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. നാലാമത്തെ വിഷയമായ "മലയാളികളുടെ അമേരിക്കൻ കുടിയേറ്റം- ഭാവിയും വെല്ലുവിളികളും "എന്ന വിഷയാവതരണം ലോക കേരളസഭ ഡയറക്ടർഡോ. കെ വാസുകി നിർവഹിച്ചു. ലതാ മേനോൻ, ഷിബു പിള്ള, ജിന ഡിക്രൂസ്, യു.എ. നസീർ, ജോസ് കടാപ്പുറം തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. സഭയിൽ ഉയർന്ന നിർദ്ദേശങ്ങളിൽ നിന്നും 29 ശുപാർശകൾ വിവിധ വകുപ്പിന്റെ പരിഗണനയ്ക്കായി ലോക കേരള സഭ സെക്രട്ടറിയേറ്റ് തെരഞ്ഞെടുത്തു. തുടർന്ന് മലയാള ഭാഷയിൽ വിദഗ്ദനായ യൂണിവേഴ്സിറ്റി ഓഫ് ഓസ്റ്റിനിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഏഷ്യൻ സ്റ്റഡീസിന്റെ ചെയർ ഡോൺ ഡേവിസ് പേപ്പർ പ്രസന്റ് ചെയ്തു മലയാളം മിഷൻറെ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. തുടർന്ന് കോൺസൽ ജനറൽ റൺദീപ് ജയ്സ്വാൾ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. അതിനു ശേഷം മുഖ്യമന്ത്രി ചർച്ചകൾക്ക് മറുപടി പറഞ്ഞു. സഭാ അധ്യക്ഷന്റെ പ്രസംഗത്തോടെ സമ്മേളനം സമാപിച്ചു.












# എഴുപത്തിയഞ്ചോളം നിർദേശങ്ങൾ : സമ്മേളനത്തിലുണ്ടായത് അർഥവത്തായ ചർച്ചകൾ

ലോക കേരള സഭയുടെ അമേരിക്കൻ മേഖലാ സമ്മേളനത്തിൽ മുഖ്യമന്ത്രിക്കും നോർക്ക പ്രതിനിധികൾക്കും മുന്നിലെത്തിയത് പ്രവാസികളുടെ എഴുപത്തിയഞ്ചോളം നിർദേശങ്ങളും ആവശ്യങ്ങളുമാണ്. നാലു വിഷയങ്ങളായി തിരിച്ചുള്ള ചർച്ചകളും തുടർന്നുള്ള പ്രതികരണങ്ങളും നടന്നപ്പോൾ നവ കേരള നിർമ്മിതിക്ക് മുതൽക്കൂട്ടാവുന്നതടക്കമുള്ള അനവധി അഭിപ്രായങ്ങളാണ് പ്രവാസികൾ ഉന്നയിച്ചത്. വടക്കേ അമേരിക്ക, കരീബിയൻ തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

വിപി ജോയി, രവി പിള്ളൈ, ജോസ് കെ മാണി, ഡോ അനിരുദ്ധൻ, ജോൺ ബ്രിട്ടാസ്, പി ശ്രീരാമകൃഷ്ണൻ, കെഎൻ ബാലഗോപാൽ, ഓ.വി മുസ്തഫ എന്നിവരാണ് സമ്മേളനത്തിന്റ പ്രസീഡിയത്തിലുണ്ടായിരുന്നത്. അമേരിക്കൻ പ്രവാസികളുടെ സുദീർഘമായ ആവശ്യങ്ങളിൽ പലതും നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധരാണെന്ന് നിയമസഭാ സ്പീക്കർ എഎൻ ഷംസീർ പറഞ്ഞു. അമേരിക്കയിലേക്കുള്ള മലയാളിയുടെ കുടിയേറ്റത്തെക്കുറിച്ചും ഈ സമ്മേളനത്തിന്റെ സാധ്യതകളെക്കുറിച്ചും സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. ഗൾഫ് മേഖല കഴിഞ്ഞാൽ ഏറ്റവുമധികം പ്രവാസി മലയാളികളുള്ളത് വടക്കേ അമേരിക്കയിലുമാണ്. ഏതാണ്ട് എട്ടു ലക്ഷം മലയാളികളാണിവിടെയുള്ളത്. അറുപതുകളിൽ തുടങ്ങിയതാണ് അമേരിക്കയിലുള്ള മലയാളികളുടെ പ്രവാസം. പ്രവാസത്തിന്റെ പല തലങ്ങളിലുള്ളവരാണ് വടക്കേ അമേരിക്കയിലുള്ള മലയാളികളെന്നതുകൊണ്ടുതന്നെ മറ്റിടങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ വിഷയങ്ങളാണ് ഇവിടെയുള്ളത്. ലേക കേരള സഭാ സമ്മേളനങ്ങളിൽ ഉയർന്നുവരുന്ന നിർദേശങ്ങൾ കൃത്യമായി നടപ്പാക്കാനുള്ള സംവിധാനം കേരളത്തിൽ ഒരുക്കിയിട്ടുണ്ട്. റവന്യൂവകുപ്പുമായി ബന്ധപ്പെട്ടവർക്ക് പരാതികൾ പരിഹരിക്കാനുള്ള ഓൺലൈൻ സംവിധാനം ഒരുക്കി. പ്രവാസികളുടെ റവന്യൂ പരാതി സ്വീകരിക്കാൻ പ്രവാസി മിത്രം എന്ന പേരിൽ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. നാട്ടിൽ തിരികെയെത്തുന്ന പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സേചഞ്ചും സജ്ജമാണ്. തിരികെയെത്തിയവർക്കും നിലവിൽ വിദേശത്തുള്ളവർക്കും പോർട്ടലിൽ രജിസ്റ്റർ ചെയ്യാം പ്രവാസികളുടെ വിവര ശേഖരണത്തിനായി ഡിജിറ്റൽ ഡാറ്റ ഉണ്ടാക്കാൻ, നോർക്ക റൂട്ട്സ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് പോർട്ടൽ ഉണ്ടാക്കുന്നുണ്ട്.പ്രവാസികൾക്കായുള്ള സമഗ്ര ഇൻഷുറൻസ് സംവിധാനവും - അതിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്. കഴിഞ്ഞ ഏഴ് വർഷം പ്രവാസി വകുപ്പിനുള്ള ബജറ്റ് വിഹിതത്തിൽ അഞ്ചിരട്ടി വർദ്ധനയാണ് സംസ്ഥാന സർക്കാർ വരുത്തിയിട്ടുള്ളത്. നിലവിലുള്ള പുനരധിവാസ പദ്ധതികൾക്ക് പുറമേ കോവിഡ് സമയത്ത് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവർക്കായി പ്രവാസി ഭദ്രത ആരംഭിച്ചു. ശാരീരികവുമായി സാമ്പത്തികമായും അവശത നേരിടുന്ന പ്രവാസികൾക്കായി നൂറ്റിയമ്പത്തിമൂന്ന് കോടി രൂപ ചെലവഴിച്ചുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

അമേരിക്കൻ മലയാളിക്ക് മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും കേരളത്തിലെ കാര്യങ്ങൾ കൃത്യമായി ഫോളോ ചെയ്യുന്നവരും ഇടപെടുന്നവരുമാണ്  ഇപ്പോൾ അമേരിക്കൻ മലയാളികളെന്നും മുഖ്യ പ്രഭാഷണം നടത്തിയ ധനമന്ത്രി കെ ബാലഗോപാൽ പറഞ്ഞു. ലോകത്തെവിടെ ചെന്നാലും ജോലി ചെയ്യാൻ സാധിക്കുന്ന സമൂഹമാണ് മലയാളി സമൂഹമെന്ന് അദ്ദേഹം പറഞ്ഞു. എല്ലാ രാജ്യങ്ങളിലും പുരോഗതിയുടെ മുഖമാണ് തുറമുഖങ്ങൾ. വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ കേരളത്തേയും സിംഗപ്പൂരിനെപ്പോലയും ദുബൈയെപ്പോലെയും പ്രാധാന്യമുള്ളതാക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ലോക കേരള സഭയുടെ ഘടനയെക്കുറിച്ചും സഭ കൊണ്ട് ഇതുവരെ മലയാളി പ്രവാസി സമൂഹത്തിനുണ്ടായ ഗുണങ്ങളെക്കുറിച്ചും നോർക്ക റൂട്ട്സ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല വിശദീകരിച്ചു.

കേരള സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ് വൈസ് ചെയർ പ്രൊഫസർ വികെ രാമചന്ദ്രൻ, ജോസ് കെ മാണി എംപി, നോർക്ക റസിഡന്റ് വൈസ് ചെയർ പി ശ്രീരാമകൃഷ്ണൻ, നോർക്ക ഡയറക്ടർ രവി പിള്ള, കേരള സർക്കാരിന്റെ ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി വേണു രാജാമണി , നോർക്ക ഡയറക്ടർ ജെകെ മേനോൻ, നോർക്ക ഡയറക്ടർ ഓവി മുസ്തഫ, ഫൊക്കാന പ്രസിഡന്റ് ഡോ ബാബു സ്റ്റീഫൻ, വേൾഡ് മലയാളി കൗൺസിൽ നേതാവ് തങ്കമണി അരവിന്ദ്, ഫോമാ പ്രസിഡന്റ് ജേക്കബ് തോമസ്, അല സെക്രട്ടറി ഐപ്പ് പരിമണം എന്നിവർ പ്രസംഗിച്ചു.













## നിക്ഷേപ സാദ്ധ്യതകൾ തേടി

# ബിസിനസ്സ് & ഇൻവെസ്റ്റ്മെന്റ് മീറ്റ് 2023 ജൂൺ 11

പ്രവാസി നിക്ഷേപർക്ക് കേരളത്തിലെ നിക്ഷേപക സാദ്ധ്യതകൾ പരിചയപ്പെടുത്തുക, പ്രവാസി നിക്ഷേപകരുടെ നിർദേശങ്ങൾ സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബിസിനെസ്സ് & ഇൻവെസ്റ്റ്മെന്റ് മീറ്റ് സംഘടിപ്പിച്ചത്. അമേരിക്കയിലെ പ്രമുഖ വ്യവസായികളും നിക്ഷേപകരും സമ്മേളനത്തിൽ പങ്കെടുത്തു. നോർക്ക റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹരികൃഷ്ണൻ നമ്പൂതിരി പ്രതിനിധികളെ സ്വാഗതം ചെയ്തു. നോർക്ക ഡയറക്ടർ ഡോ. അനിരുദ്ധൻ ആമുഖ പ്രസംഗം നടത്തി. മുഖ്യമന്ത്രി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉൽഘാടന പ്രസംഗത്തിൽ കേരളത്തിൽ നിക്ഷേപത്തിന് അനുയോജ്യമായ സാഹചര്യമാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ ബിസിനെസ്സ് സാധ്യതകളും അവസരങ്ങളും വികസന പദ്ധതികളെയും പറ്റി അദ്ദേഹം പ്രസംഗത്തിൽ അക്കമിട്ടു സൂചിപ്പിച്ചു. മുഖ്യമന്ത്രിയുടെ പ്രസംഗത്തിന്റെ ശേഷം നോർക്ക - വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല കേരളത്തിന്റെ വ്യവസായ നയം അവതരിപ്പിച്ചു. തുടർന്ന് ഐ.ടി സെക്രട്ടറി രത്തൻ ഖേൽകർ സ്റ്റാർട്ടപ്പുകൾക്കായി ഒരുക്കിയിരിക്കുന്ന ഇക്കോസിസ്റ്റം അവതരപ്പിച്ചു. കെ-ഫോൺ മുതൽ ICFOSS അടക്കം വിവിധ ടെക്നോളജി പാർക്കുകളും, ടെക്നോളജി ഇടനാഴികളും എല്ലാം കേരളത്തിന്റെ വിശാലമായ വ്യവസായ നയത്തിൽ ചേർന്ന് വരുന്നത് എങ്ങനെയെന്നും അവ ഉപയോഗിക്കുന്നത് എങ്ങനെയെന്നും വിശദീകരിച്ചു.

വേദിയിൽ സന്നിഹിതരായിരുന്ന അമേരിക്കയിലെ പ്രമുഖ സംരംഭകർ അവരുടെ കേരളത്തിലെ നിക്ഷേപ അനുഭവങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും കടമ്പകൾ ക്കുറിച്ചും സംസാരിച്ചു. ചോയ്സ് ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ ചെയർമാൻ ജോസ് തോമസ്, ഹാനോവർ ബാങ്ക് ഫൗണ്ടിങ് ഡയറക്ടർ വർക്കി എബ്രഹാം, ടോമാർ ഗ്രൂപ്പ് സി.ഇ.ഒ തോമസ് മൊട്ടക്കൽ തുടങ്ങിയ പ്രമുഖ നിക്ഷേപകർ അവരുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു. സംരംഭകത്വം, നിക്ഷേപ സാധ്യതകൾ എന്ന വിഷയത്തെ പറ്റിയുള്ള ചർച്ചയും പ്രതികരണങ്ങളുമാണ് പിന്നീട് നടന്നത്. ജോൺ ഐസക്കാണ് സംരഭകരുമായും സദസ്യരുമായുമുള്ള ചർച്ചയുടെ മോഡറേഷൻ നിർവഹിച്ചത്. കേരളത്തിലെ സർക്കാർ സംവിധാനങ്ങളിൽ പലപ്പോഴായി നേരിടേണ്ടി വന്നിട്ടുള്ള ചുവപ്പുനാട, തത്വത്തിൽ ഇല്ലാതായ നോക്കുകൂലി പ്രാവർത്തികമാക്കി ഇപ്പോഴും നിലനിൽക്കുന്നതിന്റെ പ്രശ്ങ്ങൾ, സർക്കാർ വ്യവസായങ്ങൾക്ക് വേണ്ടി ചെയ്യുന്ന നയങ്ങളെയും പദ്ധതികളെയും കുറിച്ചുള്ള കൂടുതൽ ബോധവത്ക്കരണം എന്നിങ്ങനെ പല പ്രശ്നങ്ങളും ഈ ചർച്ചയിൽ ഉന്നയിക്കപ്പെട്ടു. പ്രതികരണങ്ങൾക്കെല്ലാമുള്ള മറുപടി ചീഫ് സെക്രട്ടറി ഡോ.വി.പി ജോയ് ഐ.എ.എസിന്റെ ക്രോഡീകരണ പ്രസംഗത്തിൽ ഉൾപ്പെടുത്തി. പ്രവാസികളുടെ പരാതികൾ ദൂരീകരിക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങളും സർക്കാരിൽ നിന്ന് ഉണ്ടാവുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. ഇടവേളയ്ക്ക് ശേഷം അമേരിക്കൻ മലയാളി വ്യവസായികൾ, ഐ.റ്റി വിദഗ്ധർ, മലയാളി വനിതാ സംരംഭകർ, വിദഗ്ധർ, മലയാളി വനിതാ സംരംഭകർ, വിദ്യാർത്ഥികൾ എന്നിവരുമായുള്ള ചർച്ചയും ഉണ്ടായിരുന്നു. സ്റ്റാർട്ട് അപ്പ് മിഷൻ സി.ഇ.ഒ. അനൂപ് അംബിക സെഷൻ മോഡറേറ്റ് ചെയ്തു. സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും അഭിപ്രായവും രേഖപ്പെടുത്താൻ തുല്യ അവസരങ്ങൾ ഉണ്ടായിരുന്നു. ആക്സെഞ്ചർ മുതൽ 15 ഓളം ഐ.ടി കമ്പനികളിലെ പ്രതിനിധികൾ ഈ പരിപാടിയിൽ പങ്കെടുത്തു. ഐടി കമ്പനി പ്രതിനിധികളും വിദ്യാർത്ഥികളും അവരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും പങ്കുവെച്ചു. തുടർന്ന് മുഖ്യമന്ത്രി, ധനമന്ത്രി,ചീഫ് സെക്രട്ടറി എന്നിവർ നിക്ഷേപകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

കെ-ഫോൺ, കെ-റെയിൽ, മെട്രോകൾ, റോഡുകൾ, കോവളം തൊട്ട് ബേക്കൽ വരെയുള്ള ജലപാതകൾ ഒക്കെ എങ്ങനെയാണ് തങ്ങളുടെ വ്യവസായ നയത്തിൽ ഉൾപ്പെട്ടിരിക്കുന്നത് എന്നത് വിശദമായി വിവരിച്ചു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസം ലോകോത്തരം ആകുന്നതാണ് സർക്കാരിന്റെ മുൻഗണനയെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. എക്സ്ചേഞ്ച് പ്രോഗ്രാമുകളും മറ്റും ഇപ്പോൾ നിലവിലുണ്ട്. ട്രാൻസ്ക്രിപ്ട് , ഈക്വവലൻസി സെരർട്ടിടഫിക്കറ്റുകളുടെ കാര്യം പരിശോധിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി.






## കലാസന്ധ്യയിൽ നിന്നും ...






# പ്രവാസി സംഗമം

## 2023 ജൂൺ 11
## ടൈം സ്ക്വയർ, ന്യൂയോർക്ക്






അമേരിക്കൻ മലയാളികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പ്രവാസി സംഗമം ടൈം സ്കയറിൽ സംഘടിപ്പിച്ചു. സംഘാടക സമിതി വൈസ് പ്രസിഡണ്ട് ബാബു സ്റ്റീഫൻ സ്വാഗതം ആശംസിക്കുകയും സ്പീക്കർ എ.എൻ ഷംസീർ അധ്യക്ഷത വഹിക്കുകയും ചെയ്തു. മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം നടന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചും മലയാളിയുടെ മികച്ച പ്രവാസ അനുഭവങ്ങളെ പറ്റിയും അദ്ദേഹം പ്രസംഗത്തിൽ വിശദമായി പ്രതിപാദിച്ചു. പ്രതിസന്ധി ഘട്ടത്തിൽ കൂടെ നിന്ന പ്രവാസി കൾക്ക് അദ്ദേഹം നന്ദി രേഖപ്പെടുത്തി. തുടർന്ന് മേഖലാ സമ്മേളന സംഘാടക സമിതി പ്രസിഡന്റ് ഡോ. മന്മഥൻ നായർ നന്ദി രേഖപ്പെടുത്തി. അ മേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രവാസികളുടെ പങ്കാളിത്തം പരിപാടിയുടെ വിജയത്തിൽ വലിയ സംഭാവനകൾ നൽകി. തുടർന്ന് മലയാളി കലാകാരന്മാർ അവതരിപ്പിച്ച കലാ സാംസ്കാരിക പരിപാടികൾ അരങ്ങേറി.



## യു.എസ്. സമ്മേളനം വിജയിപ്പിച്ച എല്ലാവർക്കും നന്ദി : പി.ശ്രീരാമകൃഷ്ണൻ

ലോക കേരള സഭയുടെ അമേരിക്കൻ മേഖലാ സമ്മേളനം വിജയിപ്പിക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി. യു.എസ് മേഖലയിലെ പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമാർഗങ്ങൾ ആരായാനും, അമേരിക്കൻ മലയാളികൾക്ക് ജന്മനാടിനായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന ചർച്ച ഉണർത്താനും സമ്മേളനത്തിനും കഴിഞ്ഞു. ആദ്യമായാണ് വ്യവസ്ഥാപിതമായ രീതിയിൽ അമേരിക്കൻ പ്രവാസികൾക്കായി ഒരു പരിപാടി സംഘടിപ്പിക്കുന്നത്. അമേരിക്ക - കാനഡ മേഖലയിൽ പ്രവാസി കൂട്ടായ്മ രൂപപ്പെടുത്തുന്നതിൽ സമ്മേളനം ശ്രദ്ധേയമായ പങ്ക് വഹിച്ചു. സർക്കാരിൻറെ ക്ഷേമ പ്രവർത്തനങ്ങളും നേട്ടങ്ങളും അമേരിക്കൻ മലയാളികളുടെ മുന്നിൽ അവതരിപ്പിക്കാനായി എന്നതും നേട്ടം തന്നെയാണ്.

മൂന്ന് ദിവസം നീണ്ടുനിന്ന പരിപാടികൾ സംഘടിപ്പിക്കാൻ നോർക്ക റൂട്ട്സിനെ സഹായിച്ചത് അമേരിക്കൻ മലയാളികളടങ്ങിയ സംഘാടക സമിതിയാണ്. ഏറെ നാളത്തെ അവരുടെ അശ്രാന്തമായ പരിശ്രമത്തിന്റെ ഫലമാണ് പരിപാടിയുടെ വിജയം. സമ്മേളനത്തിന്റെ ഭാഗമായി വിവിധ കലാപരിപാടികൾ അവതരിപ്പിച്ച പ്രവാസി സംഘടനാ പ്രതിനിധികളും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. സംഘാടക സമിതിയിലെ ഒരോ അംഗങ്ങൾക്കും, വകുപ്പ് തല ഉദ്യോഗസ്ഥർക്കും,നേരിട്ടും അല്ലാതെയും ഈ പരിപാടി വിജയപ്രദമാക്കാൻ സഹകരിച്ച മറ്റെല്ലാവർക്കും നോർക്ക റൂട്ട്സിന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു

നോർക്ക ന്യൂസ്
ന്യൂസ് ലെറ്റർ
Government of Kerala
NORKA ROOTS
A Government of Kerala Undertaking
എന്നും പ്രവാസികൾക്കൊപ്പം

# നോർക്ക - യു.കെ കരിയർ ഫെയർ :
# സീനിയർ സപ്പോർട്ട് വർക്കർമാരുടെ ആദ്യസംഘം യു.കെ യിലെത്തി



യു.കെ യിലെത്തിയ സീനിയർ സപ്പോർട്ട് വർക്കർമാരുടെ ആദ്യസംഘം

നോർക്ക യു.കെ കരിയർ ഫെയറിന്റെ ആദ്യഘട്ട റിക്രൂട്ട്മെന്റിൽ തെരഞ്ഞെടുക്കപ്പെട്ട സീനിയർ സപ്പോർട്ട് വർക്കർമാരുടെ ആദ്യസംഘം യു.കെ യിലെത്തി. ഫേബാ മറിയം സണ്ണി, ലിസ ചിന്നമ്മ ലീലാംബിക, അർച്ചന ബേബി, ഹെന്ന രാജൻ, സൂരജ് ദയാനന്ദൻ എന്നിവരാണ് യു.കെ യിലെത്തിയ ആദ്യ സംഘത്തിലെ സീനിയർ സപ്പോർട്ട് വർക്കർമാർ. ഇവർക്കൊപ്പം ഡയറ്റീഷ്യൻ (അമൃതേഷ് അരീക്കര), റേഡിയോഗ്രാഫർ (പ്രണവ് ഓലക്കാട്ട്), ഫിസിയോതെറാപ്പിസ്റ്റ് (ക്രിസ്റ്റീന ജോസ്)എന്നിവരും രണ്ടു ഫാർമസിസ്റ്റുകളും (ജിംസി മാത്യു, ഐഡ ഷീല ജോർജ്ജ്) ഉണ്ട്. ഇവരെ യു. കെ യിലെ പ്രതിനിധികളുടെ നേതൃത്വത്തിൽ സ്വീകരിച്ചു. ഇവർക്കുള്ള വിമാന ടിക്കറ്റുകൾ നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമ കൃഷ്ണൻ കഴിഞ്ഞ ജൂൺ 02 ന് കൈമാറിയിരുന്നു.

ലക്ഷങ്ങൾ ചെലവുവരുന്നതും സ്വകാര്യറിക്രൂട്ടിങ് ഏജൻസികളുടെ ചൂഷണത്തിന് വിധേയമാകുന്നതുമായിരുന്നു യു. കെ യിലേയ്ക്കുള്ള സീനിയർ സപ്പോർട്ട് വർക്കർമാരുടെ റിക്രൂട്ട്മെന്റ്. അവിടെയാണ് പൂർണ്ണമായും സൗജന്യമായും വ്യവസ്ഥാപിതവുമായ രീതിയിൽ നോർക്ക റൂട്ട്സ് വഴി റിക്രൂട്ട്മെന്റ് സാധ്യമായത് എന്നതാണ് പ്രത്യേകത.

സീനിയർ സപ്പോർട്ട് വർക്കർമാരുൾപ്പെടെ ആരോഗ്യ, സാമൂഹികസുരക്ഷാ മേഖലയിലെ 13 വ്യത്യസ്ത വിഭാഗങ്ങളിലേയ്ക്കായിരുന്നു കരിയർ ഫെയറിന്റെ ഭാഗമായുള്ള റിക്രൂട്ട്മെന്റ്. ഇതിൽ നഴ്സുമാരുടെ ആദ്യസംഘം ഇതിനോടകം യു.കെ യിലെത്തിയിട്ടുണ്ട്.

നോർക്ക യു. കെ കരിയർ ഫെയറിന്റെ രണ്ടാം എഡിഷന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ടവരുടെ നിയമനനടപടികളാണ് നിലവിൽ പുരോഗമിക്കുന്നത്. ഇതിനോടൊപ്പം നോർക്ക യു.കെ ടാലന്റ് മൊബിലിറ്റി ഡ്രൈവും നിലവിൽ നടന്നുവരികയാണ്.



സീനിയർ സപ്പോർട്ട് വർക്കർമാരുടെ ആദ്യസംഘം നോർക്ക റൂട്ട്സ് അധികൃതരോടൊപ്പം ..

## നോർക്ക - കുവൈറ്റ് നാഷണൽ ഗാർഡിലേയ്ക്ക് നിയമനം ലഭിച്ചവർക്ക് യാത്രാടിക്കറ്റുകൾ കൈമാറി

നോർക്ക റൂട്ട്സ്- കുവൈറ്റ് നാഷണൽ ഗാർഡ് റിക്രൂട്ട്മെന്റിന്റെ ഭാഗമായി ബയോമെഡിക്കൽ എഞ്ചിനിയർമാരായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ ബാച്ചിലെ മൂന്നു ഉദ്യോഗാർത്ഥികൾക്കുള്ള യാത്രടിക്കറ്റുകൾ കൈമാറി. തിരുവനന്തപുരത്തെ നോർക്ക സെന്ററിൽ നടന്ന ചടങ്ങിൽ സി.ഇ.ഒ ഹരികൃഷ്ണൻ നമ്പൂതിരി വിമാനടിക്കറ്റുകൾ കൈമാറി. ഷിൻഡോ തോമസ് (പത്തനംതിട്ട), വിഷ്ണു രാജ് (ആലപ്പുഴ), ന്യാഷ് അബൂബക്കർ (മലപ്പുറം) എന്നിവരാണ് ആദ്യഘട്ടത്തിൽ യാത്രതിരിക്കുന്നത്. മൂവരും ജൂൺ 25 ന് കൊച്ചിയിൽ നിന്നും കുവൈറ്റിലേയ്ക്ക് യാത്രതിരിച്ചു.

ചടങ്ങിൽ നോർക്ക റൂട്ട്സ് ജനൽ മാനേജർ അജിത്ത് കോളശ്ശേരി, പബ്ളിക് റിലേഷൻസ് ഓഫീസർ ഡോ. അഞ്ചൽ കൃഷ്ണകുമാർ, റിക്രൂട്ട്മെന്റ് വിഭാഗം അസിസ്റ്റന്റ് മാനേജർ ബിപിൻ കുമാർ ആർ.വി എന്നിവരും സംബന്ധിച്ചു.

2023 ഫെബ്രുവരി 6 മുതൽ 10 വരെ എറണാകുളത്തുവച്ചായിരുന്നു റിക്രൂട്ട്മെന്റ്. വിവിധ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ, പാരാമെഡിക്സ്, ബയോ മെഡിക്കൽ എഞ്ചിനീയർ, ലാബ് ടെക്നിഷ്യൻ, റേഡിയോഗ്രാഫേഴ്സ്,, ഫാർമസിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഡയറ്റീഷ്യൻ, നഴ്സ് തുടങ്ങി 23 ഓളം തസ്തികകളിലേക്കായിരുന്നു റിക്രൂട്ട്മെന്റ്. തെരഞ്ഞെടുക്കപ്പെട്ട മറ്റ് ഉദ്യോഗാർത്ഥികളുടെ നിയമന നടപടികളും പുരോഗമിച്ചുവരുന്നു.



# പരിസ്ഥിതി ദിനം : നോർക്ക ആസ്ഥാനത്ത് വൃക്ഷത്തൈകൾ നട്ടു



അന്താരാഷ്ട്ര പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം നോർക്ക റൂട്ട്സ് ആസ്ഥാനത്ത് വൃക്ഷത്തൈകൾ നട്ടു. പബ്ലിക് റിലേഷൻസ് ഓഫീസർ ഡോ. അഞ്ചൽ കൃഷ്ണകുമാർ, ഫിനാൻസ് ഓഫീസർ ദേവരാജൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ലതീഷ് എസ് ധരൻ, തിരുവനന്തപുരം സെന്റർ മാനേജർ എസ്സ്. സഫറുള്ള എന്നിവർ നേതൃത്വം നൽകി. നോർക്ക റൂട്ട്സ് ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ചടങ്ങിൽ സന്നിഹിതരായിരുന്നു.






# നോർക്ക ജീവനക്കാർക്കായി ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു











നോർക്ക റൂട്ട്സ് ജീവനക്കാർക്കായി കോട്ടയ്ക്കൽ ആര്യവൈദ്യ ശാലയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ അവബോധ ക്ലാസ്സ് സംഘടിപ്പിച്ചു. തിരുവനന്തപുരം നോർക്ക സെന്ററിൽ നടന്ന ക്ലാസിന് കോട്ടയ്ക്കൽ കഴക്കൂട്ടം ബ്രാഞ്ചിലെ സീനിയർ ഫിസിഷ്യൻ ഡോ. ആർ. ശ്രീരാജ് നേതൃത്വം നൽകി. ആയുർവേദ ചികിത്സയുടെ പ്രത്യേകതകളെക്കുറിച്ചും ആരോഗ്യകരമായ ഭക്ഷണ, ജീവിതരീതികളിലൂടെ ജീവിതശൈലീ രോഗങ്ങൾ എങ്ങനെ നിയന്ത്രിക്കാമെന്നതിനെ പറ്റിയും ക്ലാസ്സിൽ വിശദീകരിച്ചു. ജീവനക്കാരുടെ സംശയങ്ങൾക്കും ഡോക്ടർ മറുപടി നൽകി. ഡോ. ആർ. ശ്രീരാജിനു നോർക്ക റൂട്ട്സ് സി.ഇ.ഒ ഹരികൃഷ്ണൻ നമ്പൂതിരി ഉപഹാരം കൈമാറി. ചടങ്ങിന് നോർക്ക റൂട്ട്സ് പി. ആർ.ഒ ഡോ. അഞ്ചൽ കൃഷ്ണകുമാർ സ്വാഗതവും, ഫിനാൻസ് മാനേജർ ജി. ദേവരാജൻ നന്ദിയും പറഞ്ഞു.



NORKA ROOTS, Norka Centre, Thycaud, Thiruvananthapuram,-695014 Phone 0471-2770500, 2332416, 2332452 fax: 0471-2326263 email: mail@norkaroots.org, www.norkaroots.org
Printed and published by CEO Norka Roots on behalf of Government of Kerala, No of copies 200, For free distribution July 2023